**ബഹുമാനപ്പെട്ട കേരള സർക്കാരിന്റെ 12.04.2018-ലെ GO(P) No. 4/2018/നിയമം-നമ്പർ സർക്കാർ ഉത്തരവ്, ബഹുമാനപ്പെട്ട കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 22/05/2018-ലെ ആർ.ആർ.6(3)-28446/14-നമ്പർ സർക്കുലർ എന്നിവ പ്രകാരം 25/05/2018 മുതൽ സമർപ്പിക്കുന്ന പ്രത്യേക വിവാഹ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നവർ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കൂടി ഉൾപ്പെട്ട അപേക്ഷ ഓൺലൈനായി അപ്‌ലോഡ് ചെയ്തിട്ടുണ്ടാകും. ഇത്തരം അപേക്ഷകൾ സ്വീകരിക്കുന്നതിന് ചുവടെയുള്ള നടപടികൾ ശ്രദ്ധിക്കുക.**

1. ഇ-പേയ്മെന്റായി/മണി ഓർഡറായി ഫീസ് അടച്ച അപേക്ഷകൾക്ക് അപേക്ഷകൻ നേരിട്ട് ഓഫീസിൽ വരേണ്ടതില്ല. അതിനാൽ ഇത്തരം അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ അവ സ്വീകരിക്കേണ്ടതാണ്.Registration Activities എന്ന മെനുവിൽ Marriage Registration ➔ Solemnization of Marriage സെലക്ട് ചെയ്യുക.

: E-Paid Applications


Solemnization of Marriage (Section 5)


APPLICATIONS FROM PUBLIC

| Transaction ID | Application Date | Bridegroom | Bride |
|---|---|---|---|
| P0538906 | 25/05/2018 | Xyz | Asd |
| P0538840 | 18/05/2018 | Maa | Ppaa |
| P0538368 | 04/01/2018 | Test | Steffy |
| P0537974 | 25/04/2017 | Saji | Suma |
| P0537980 | 25/04/2017 | Ravi | Geetha |
| P0537976 | 25/04/2017 | Anna | Anna |
| P0537941 | 25/04/2017 | Anu | Anitha |


2. സ്വീകരിക്കേണ്ടുന്ന അപേക്ഷയിൽ ക്ലിക്ക് ചെയ്യുക (ഇ-പേയ്മെന്റ് അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ സ്വീകരിക്കേണ്ടതാണ്). അപേക്ഷാ വിവരങ്ങൾ പരിശോധിച്ച ശേഷം Payment Verification, Defacement എന്നിവ നടത്തിയശേഷം Accept Application നൽകുക.

www.eaadharam.in



3. തുടർന്ന് Print Receipt ബട്ടൺ ക്ലിക്ക് ചെയ്ത് രസീത് പ്രിന്റ് ചെയ്യുവാനുള്ള പേജിലേയ്ക്ക് എത്തുക. ഇവിടെ നിന്നും രസീത്, നോട്ടീസ്, അപേക്ഷ എന്നിവ പ്രിന്റ് ചെയ്യുവാൻ കഴിയും.


Solemnization of Marriage (Section 5)

FORM T.R.5

[See Rule 90(a)]

Acknowledgement for Receipt of Money

Receipt No : 25232 Date : 26/05/2018

Office of the Sub-Registrar : Chala


Received from **Maa, Pvl Rs 100 (Rupees One hundred only)** on account of Solemnization of Marriage(Section 5) and credited to cash book page No item No on 26/05/2018

[ Initials of Cashier or Accountant ] [ Initial of Head of Office ]


Print | Download Notice | Print Application

4. ഓഫീസിൽ നേരിട്ട് ഫീസ് സ്വീകരിക്കുന്ന അപേക്ഷകളുടെ നോട്ടീസ് ഫീസ് സ്വീകരിച്ച ശേഷം ഓഫീസിൽ പ്രിന്റ് ചെയ്യുകയാണ് ചെയ്യേണ്ടത്.




5. അപേക്ഷ ഫീസ് രേഖപ്പെടുത്തിയ ശേഷം രസീത് പ്രിന്റ് ചെയ്യുവാനുള്ള പേജിലേയ്ക്ക് എത്തുക. ഇവിടെ നിന്നും രസീത്, നോട്ടീസ്, അപേക്ഷ എന്നിവ പ്രിന്റ് ചെയ്യുവാൻ കഴിയും. Download Notice ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ഫോട്ടോ സഹിതമുള്ള നോട്ടീസ് കാണുവാനും ഡൗൺലോഡ് ചെയ്ത് പ്രിന്റ് ചെയ്യുവാനും കഴിയും. ഈ നോട്ടീസ് വിവാഹ നോട്ടീസ് രജിസ്റ്ററിൽ ചേർക്കുകയും ആഫീസിലെ വിവാഹ നോട്ടീസ് ബോർഡിൽ പതിക്കുകയും ചെയ്യേണ്ടതാണ്.





6. ഒരിക്കൽ സ്വീകരിച്ച അപേക്ഷയുടെ നോട്ടീസ് പിന്നീട് എപ്പോൾ വേണമെങ്കിലും പ്രിന്റ് ചെയ്യാവുന്നതാണ്. ഇതിനായി Registration Activities എന്ന മെനുവിൽ Marriage Registration ➔ Solemnization of Marriage എന്ന മെനുവിൽ Fee Remitted Applications എന്ന ലിസ്റ്റിൽ നിന്നും അപേക്ഷയോടൊപ്പമുള്ള Register ബട്ടൺ ക്ലിക്ക് ചെയ്യുക.

www.eaadharan.in

**FEE REMITTED APPLICATIONS**

| Transaction ID | Application No. | Remittance Date | Bridegroom | Bride | |
|---|---|---|---|---|---|
| P0538915 | 49 | 26/05/2018 | Sunil Kumar | Manju Rani | Register |
| P0538840 | 48 | 26/05/2018 | Maa | Ppaa | Register |
| P0537980 | 47 | 26/05/2018 | Ravi | Geetha | Register |
| P0538907 | 46 | 25/05/2018 | Sam | Riya | Register |

7. അപേക്ഷാ വിവരത്തിന് ഏറ്റവും ചുവട്ടിലായുള്ള Print Notice ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ നോട്ടീസ് വീണ്ടും കാണാവുന്നതും പ്രിന്റ് ചെയ്യാവുന്നതുമാണ്.




8. മറ്റ് ഓഫീസുകളിലേയ്ക്ക് അയച്ചുകൊടുക്കേണ്ടുന്ന നോട്ടീസുകളിലും ഫോട്ടോ ഉൾപ്പെട്ടിട്ടുണ്ടാകും. പേൾ വഴി അയക്കുന്നവ Send Notice ഓപ്ഷൻ ഉപയോഗിച്ച് ജെനറേറ്റ് ചെയ്ത്

അയക്കാവുന്നതാണ്. പോസ്റ്റലായി അയക്കേണ്ടുന്ന (കേരളത്തിന് പുറത്തേയ്ക്ക്) ഫോട്ടോ സഹിതമുള്ള നോട്ടീസുകൾ ഡൗൺലോഡ് ചെയ്ത് പ്രിന്റ് ചെയ്ത് അയക്കാവുന്നതാണ്.

9. വിവാഹം രജിസ്റ്റർ ചെയ്യുവാനായി കക്ഷികൾ സബ് രജിസ്ട്രാർ ആഫീസിൽ ഹാജരാകുന്ന സമയത്ത് മറ്റ് രേഖകൾക്ക് പുറമേ, ഒരു ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത (ഫോട്ടോയുടെ പുറകുവശത്ത്) വരന്റെയും വധുവിന്റെയും ഓരോ ഫോട്ടോകൾ കൂടി വാങ്ങേണ്ടതും ആയത് വിവാഹ സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ നിർദ്ദേശിച്ചിട്ടുള്ള ഭാഗത്ത് പതിക്കേണ്ടതുമാണ്. അപേക്ഷകന് വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പതിപ്പാണ് നൽകേണ്ടത് എന്നതിനാൽ ആയതിൽ ഫോട്ടോ ഉൾപ്പെടുത്തേണ്ടതില്ല, പകരം നിശ്ചിത സ്ഥലത്ത് ഫോട്ടോ എന്ന് ഉൾപ്പെടുത്തിയാൽ മതിയാകും. ആയത് പേൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

www.eaadharam.in